# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# പൗരാവകാശരേഖ

## ദൗത്യം

കേരളത്തിലെ ജൈവവൈവിധ്യ സംരക്ഷണം, അവയുടെ സുസ്ഥിര ഉപയോഗം, ജൈവ വിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നുത്ഭവിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവകമായ പങ്കുവയ്ക്കൽ എന്നിവയ്ക്കായി 2002–ലെ ജൈവവൈവിധ്യ നിയമവും, 2004–ലെ ജൈവവൈവിധ്യ ചട്ടങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുക.

## രൂപീകരണം

ജൈവവൈവിധ്യ നിയമം – 2002, ജൈവവൈവിധ്യ ചട്ടങ്ങൾ – 2004 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം 2005 ഫെബ്രുവരിയിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകൃതമായി. കേരള സർക്കാരിന്റെ പരിസ്ഥിതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്.

## ചുമതലകൾ

- ജൈവവൈവിധ്യ സംരക്ഷണം, അവയുടെ സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നുത്ഭവിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവകമായ പങ്കു വയ്ക്കൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ നിർദ്ദേശങ്ങൾക്കു വിധേയമായി സംസ്ഥാന സർക്കാരിനെ ഉപദേശിക്കുക.

- ഭാരതീയർക്ക് ഏതെങ്കിലും ജൈവവിഭവം വാണിജ്യപരമായി ഉപയോഗിക്കുന്നതിനോ, വ്യാപ്തി നിർണ്ണയത്തിനോ, ജൈവഉപയോഗത്തിനോ ഉള്ള അംഗീകാരത്തിനോ, മറ്റു തരത്തിലുള്ള അപേക്ഷയോ അനുവദിക്കുന്നത് ക്രമീകരിക്കുക.

- ഭാരതത്തിലെ ജൈവവിഭവങ്ങൾക്കോ അപ്രകാരമുള്ള വിഭവങ്ങളുമായി ബന്ധപ്പെട്ട അറിവിനോ ഭാരതത്തിനുപുറത്തുള്ള രാജ്യത്ത് ബൗദ്ധിക സ്വത്തവകാശം അനുവദിക്കുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

- ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ (പി.ബി.ആർ) തയ്യാറാക്കുന്നതിന് ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് മാർഗനിർദ്ദേശങ്ങളും, സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങളും നൽകുക.

- ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുവാൻ ആവശ്യമുള്ളതോ, സംസ്ഥാന സർക്കാരിനാൽ നിർദ്ദിഷ്ടമായതോ ആയ ചുമതലകൾ നിർവഹിക്കുക.

## സേവനങ്ങൾ

- ജൈവവൈവിധ്യ തന്ത്രങ്ങളും കർമ്മപദ്ധതികളും കാലാനുസൃതമായി ആവിഷ്കരിച്ച് നടപ്പിലാക്കുക.

- ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങൾ, സ്ഥിതിവിവരങ്ങൾ, കൈപ്പുസ്തകങ്ങൾ, നിയമങ്ങൾ, മാർഗനിർദ്ദേശങ്ങൾ മുതലായവ ശേഖരിക്കുകയും, സമാഹരിക്കുകയും, പ്രസിദ്ധീകരിക്കുകയും ചെയ്യുക.

- ജൈവവൈവിധ്യ സംരക്ഷണത്തിനായി ജൈവവൈവിധ്യ വിവരപട്ടിക തയ്യാറാക്കുക, വിഭവശോഷണനിരക്ക് നിരീക്ഷിക്കുക, പൊതുജനങ്ങളിലും അധികാരികളിലും അവബോധം വളർത്തുക, ശാസ്ത്രീയവും ഭരണപരവും നിയമപരവും സാമൂഹികവും സാമ്പത്തികവുമായ നടപടികൾക്ക് മുൻകൈയെടുക്കുക.

- സംസ്ഥാനവ്യാപകമായി ജൈവവൈവിധ്യ കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിന് തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.

- ജൈവവൈവിധ്യ പരിപാലന സമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, ജൈവവൈവിധ്യ നിയമത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുക, ജൈവവൈവിധ്യ പരിപാലന സമിതികളുടെ പ്രത്യേക ആവശ്യങ്ങൾക്കായി ഗ്രാന്റുകളും മറ്റു ധനസഹായങ്ങളും അനുവദിക്കുക.

- ജൈവവിഭവങ്ങൾ ശേഖരിക്കുന്നതിന് ഈടാക്കേണ്ട ഫീസിനെക്കുറിച്ചുള്ള ശുപാർശ, നിർദ്ദേശം എന്നിവ കാലോചിതമായി പരിഷ്ക്കരിക്കുക.

**പൗരന്മാരിൽ നിന്ന് ബോർഡ് പ്രതീക്ഷിക്കുന്നത്**

ജൈവവൈവിധ്യ നിയമം – 2002, ജൈവവൈവിധ്യ ചട്ടങ്ങൾ – 2004 എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഊർജ്ജം ഉൾക്കൊള്ളുകയും പ്രോത്സാഹിപ്പിക്കുകയും, പ്രകൃതി നിയമങ്ങളെ ബഹുമാനിക്കുകയും, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ എല്ലാവിധ പ്രവർത്തനങ്ങളിലും സഹകരിക്കുകയും ചെയ്യുക.